# വണ്ടർ: വൈരൂപ്യമുള്ള ബാലന്റെ കഥ

• ദേവനന്ദ



നോവലിന്റെ കവർ

**വൻ ജന പ്രീതി നേടിയെടുത്ത വണ്ടർ എന്ന നോവലിനെക്കുറിച്ച്.**

കുറച്ചു വർഷങ്ങൾക്കു മുമ്പ് ഒരമ്മയും മൂന്നു വയസ്സുകാരനായ മകനും ഐസ്ക്രീം പാർലറിനു മുന്നിൽ ക്യൂ നിൽക്കുകയായിരുന്നു. മുഖത്ത് വൈകല്യം ബാധിച്ച ഒരു പെൺകുട്ടിയെ കണ്ട് ഭയന്നുപോയ ആ ആൺകുട്ടി ഉച്ചത്തിൽ കരയാൻ തുടങ്ങി.

മകന്റെ പെരുമാറ്റത്താൽ പെൺകുട്ടിക്കും അവളുടെ മാതാപിതാക്കൾക്കും വിഷമം തോന്നരുതെന്ന് കരുതി ആ അമ്മ മകനെ അവിടെ നിന്നു മാറ്റാൻ ശ്രമിച്ചു. എന്നാൽ സംഭവിച്ചത് മറ്റൊന്നാണ്. രംഗം കൂടുതൽ വഷളായി. ആ സംഭവത്തോടെ ആ അമ്മക്ക് ഒരു വലിയ തിരിച്ചറിവുണ്ടായി.

ഇത്തരത്തിൽ വിരൂപമായ മുഖവുമായി ഒട്ടേറെപ്പേർ വളരെ വിഷമത്തോടെ ഈ സമൂഹത്തിൽ ജീവിക്കുന്നുണ്ട്. ഇവരുടെ നേർക്ക് വളരെ അവജ്ഞയോടെയാണ് പലരും പെരുമാറുന്നത്. ഇതിനൊരു മാറ്റം വരുത്തണമെന്ന് ആ അമ്മ തീരുമാനിച്ചു.

തുടർന്ന് ആർ. ജെ പലാഷിയോ എന്നു പേരുള്ള അവർ 'വണ്ടർ' എന്ന പേരിൽ നോവൽ രചന ആരംഭിച്ചു. 2012 ഫെബ്രുവരി 14 ന് പുറത്തിറങ്ങിയ 'വണ്ടറിന്' വായനക്കാരിൽ നിന്ന് വൻ സ്വീകരണം ലഭിച്ചു. 2017-ൽ ഈ നോവൽ ആധാരമാക്കി പുറത്തിറങ്ങിയ ചലച്ചിത്രത്തിനും മികച്ച പ്രതികരണമാണ് ലഭിച്ചത്.

### നോവലിന്റെ കഥാസാരം

'ഓഗി' എന്ന് ചെല്ലപ്പേരുള്ള ഓഗസ്റ്റ് പുൾമാൻ എന്ന ബാലനാണ് ഈ നോവലിലെ കേന്ദ്രകഥാപാത്രം. 'ട്രീച്ചർ കോളിൻസ് സിൻ


നോവലിസ്റ്റ്: ആർ.ജെ പലാഷിയോ

▸▸ കഥകളിയുടെ സാഹിത്യരൂപം – ആട്ടക്കഥ

ഡ്രം' എന്ന അവസ്ഥയെ തുടർന്ന് അവൻ ഒട്ടേറെ സർജറികൾക്ക് വിധേയനായി. വികൃതമായ മുഖത്തിന് പുറമെ വായിലെ അപാകത കാരണം അവന് ശരിയായ വിധത്തിൽ ഭക്ഷണം കഴിക്കാനാവില്ലായിരുന്നു. പോരാത്തതിന് ഇടക്ക് കേൾവിശക്തി നഷ്ടമായതിനെ തുടർന്ന് ശ്രവണസഹായി ഘടിപ്പിക്കേണ്ടിവന്നു. ഇത്തരം ശാരീരിക അവശതകളെ വിജയകരമായി മറികടന്ന അവൻ ഡോക്ടർമാരെപ്പോലും അത്ഭുതപ്പെടുത്തി.



*'വണ്ടർ' സിനിമയുടെ പോസ്റ്റർ*

തീരെ കുട്ടിയായിരുന്ന കാലം മുതൽ ഓഗിയുടെ അമ്മയായ ഇസബെൽ അവനെ വീട്ടിലിരുത്തിയാണ് പഠിപ്പിച്ചിരുന്നത്. എന്നാൽ ഫിഫ്ത്ത് ഗ്രേഡ് മുതൽ അവനെ സ്കൂളിലയക്കുവാൻ അവർ തീരുമാനിച്ചു. തങ്ങളുടെ മകൻ ലോകമെന്തെന്ന് അറിയണമെന്ന് ആ ദമ്പതികൾ തീരുമാനിച്ചു. സ്കൂളിലെത്തിയ ഓഗസ്റ്റിന്റെ ജീവിതം കൂടുതൽ സംഭവബഹുലമായി.

മറ്റു കുട്ടികളുടെ മുന്നിൽ സ്വാഭാവികമായി പെരുമാറുവാൻ ഓഗി ശ്രമിച്ചു. എന്നാൽ കുട്ടികളുടെ ശ്രദ്ധ മുഴുവൻ അവനിലായിരുന്നു. ജാക്ക് എന്ന ബാലനും സമ്മർ എന്നു പേരുള്ള പെൺകുട്ടിയും ഓഗിയോട് കൂട്ടുകൂടി.

ജൂലിയൻ എന്നു പേരുള്ള മഹാ ധിക്കാരിയായ ഒരു ബാലൻ ഓഗിയെ മനഃപൂർവം ശല്യപ്പെടുത്താൻ തുടങ്ങി. ഓഗിയോട് ചങ്ങാത്തം കൂടിയതിനാൽ പ്രമാണിയായ ജൂലിയന്റെ മുന്നിൽ താൻ ചെറുതായിപ്പോകുമോ എന്ന് ജാക്ക് ഭയന്നിരുന്നു. എന്നാൽ സമ്മർ മാത്രം അവനോട് വളരെ അനുകമ്പയോടെ പെരുമാറി. മറ്റ് കുട്ടികൾ വെറുപ്പോടെ ഓഗിയെ അകറ്റിയപ്പോൾ സമ്മർ മാത്രം അവനൊപ്പമിരുന്ന് ഭക്ഷണം കഴിച്ചു.

ഒരിക്കൽ 'ഹാലോവീൻ' എന്ന ആഘോഷവേളയിൽ ഓഗിയെ തനിക്ക് ഇഷ്ടമല്ലെന്നും താൻ അവന്റെ ചങ്ങാതിയായി അഭിനയിക്കുകയാണെന്നും ജാക്ക് പറഞ്ഞത് ഓഗി ആകസ്മികമായി കേട്ടു. ഹാലോവീൻ ആഘോഷത്തിന്റെ ഭാഗമായി ഓഗി മറ്റൊരു വേഷത്തിലായതിനാൽ ജാക്ക് ഓഗിയെ തിരിച്ചറിഞ്ഞില്ല.

ജാക്കിന്റെ വാക്കുകൾ കേട്ട് ഓഗി വളരെയേറെ ദുഃഖിച്ചു. തന്റെ ശാരീരിക പരിമിതികളെയും മറ്റ് കുട്ടികളുടെ മോശമായ പെരുമാറ്റത്തെയും അതിജീവിച്ച ഓഗിക്ക് തന്റെ കൂട്ടുകാരനിൽ നിന്നുണ്ടായ ദുരനുഭവം താങ്ങാനായില്ല.

നിരാശയോടെ വീട്ടിൽ മടങ്ങിയെത്തിയ ഓഗിയോട് അവന്റെ ചേച്ചിയായ വിയ കാരണം തിരക്കി. താനിനി ഒരിക്കലും സ്കൂളിലേക്കില്ലെന്ന് അവൻ വ്യക്തമാക്കി. എന്നാൽ സ്നേഹനിധിയായ അവൾ തന്റെ കുഞ്ഞനുജനെ സമാധാനിപ്പിച്ചു. തുടർന്ന് സ്കൂളിൽ മടങ്ങിയെത്തിയ അവൻ ജാക്കിനെ ഒഴിവാക്കാൻ ശ്രമിച്ചു. അതിന്റെ കാരണം തിരക്കിയ സമ്മറിനോട് അവൻ പിണക്കത്തിന്റെ കാരണം വെളിപ്പെടുത്തി.

സംഭാഷണ വേളയിൽ സമ്മർ ഇക്കാര്യം ജാക്കിനോട് സൂചിപ്പിച്ചു. അന്നേരമാണ് ജാക്കിന് തന്റെ തെറ്റ് മനസ്സിലായത്. താൻ അന്ന് പറഞ്ഞ കാര്യങ്ങൾ ഓഗി കേട്ടതായി ജാക്കിന് മനസ്സിലായി. അവന് വളരെയേറെ പശ്ചാത്താപം തോന്നി. ഓഗിയെപ്പറ്റി മോശം വാക്ക് പറഞ്ഞ ജൂലിയനെ ജാക്ക് ആഞ്ഞടിച്ചു.

അതിനാൽ ജാക്കിനെ സ്കൂളിൽ നിന്ന് താൽക്കാലികമായി പുറത്താക്കി. തുടർന്ന് മടങ്ങിയെത്തിയ ജാക്ക് ഓഗിയുമായി ചങ്ങാത്തത്തിലായി. എന്നാൽ ജൂലിയന്റെ ശല്യം കൂടിക്കൂടി വന്നു. ഓഗിയോട് മറ്റ് കുട്ടികൾക്ക് വിരോധം തോന്നുവാനായി അവൻ പല സൂത്രങ്ങളും ഒപ്പിച്ചു.

(തുടരും)

▸▸ ബഹിരാകാശത്തെത്തിയ ആദ്യവനിത – വാലന്റീന തെരഷ്കോവ